**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1** **07-06-2021 - ൽ മറുപടിയ്ക്ക്**

**ജപ്തിയിലൂടെ വീട് നഷ്ടപ്പെടുന്നത് തടയാൻ നിയമനിർമ്മാണം**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീമതി കെ.കെ.രമ** | | **Shri. Pinarayi Vijayan (മുഖ്യമന്ത്രി)** | |
| (എ) | ജപ്തിയിലൂടെ വീട് നഷ്ടപ്പെടുന്നത് തടയുവാൻ നിയമനിർമ്മാണം നടത്തുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ; | (എ) | ഉണ്ട്. ജപ്തി നടപടികളുടെ ഭാഗമായി ഒരു വ്യക്തിക്കോ കുടുംബത്തിനോ അവർക്ക് ആകെയുള്ള കിടപ്പാടം നഷ്ടപ്പെടുന്ന അവസ്ഥ ഉണ്ടാകരുത് എന്ന് നിഷ്കർഷിക്കുന്ന നിയമ നിർമ്മാണത്തിന്റെ കരട് ശിപാർശ സമർപ്പിക്കുന്നതിന് 2021 മേയ് 20 ന് ചേർന്ന മന്ത്രിസഭാ യോഗം തീരുമാനിച്ചിട്ടുണ്ട്. |
| (ബി) | എങ്കിൽ ഏതൊക്കെ വിഭാഗങ്ങളിൽപെട്ടവർക്കാണ് ഇതിന്റെ ആനുകൂല്യം ലഭിക്കുക; | (ബി) | നിയമ നിർമ്മാണം നടന്നശേഷം വ്യക്തമാവുകയുള്ളൂ. ബാധകമല്ല. |
| (സി) | ഇത്തരത്തിൽ നിയമനിർമ്മാണം നടത്തുന്നതിലൂടെ നിർദ്ധനരായ ആളുകൾക്ക് വായ്പ നൽകുന്നതിന് ധനകാര്യ സ്ഥാപനങ്ങൾ വിമുഖത കാട്ടാനിടയുണ്ടെന്നുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (സി) | നിയമ നിർമ്മാണം നടന്നശേഷം വ്യക്തമാവുകയുള്ളൂ. ബാധകമല്ല. |
| (ഡി) | എങ്കിൽ ഇതു പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ? | (ഡി) | നിയമ നിർമ്മാണം നടന്നശേഷം വ്യക്തമാവുകയുള്ളൂ. ബാധകമല്ല. |

സെക്ഷൻ ഓഫീസർ